K16U 2433

Reg. No.: ..............................

Name : ................................

# I Semester B.A./B.Sc. Degree (C.C.S.S. – Reg./Supple./Improve.) Examination, November 2016
## COMMON COURSE IN MALAYALAM
## 1A07 MAL : Sahithya Ganangal
## (2014 and 2015 Admn.)

Time : 3 Hours Max. Marks : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക.

1) 'മാണിക്കൻ' എന്ന കഥ നൽകുന്ന ജീവിതദർശനമെന്ത് ? വിവരിക്കുക.

2) വള്ളത്തോൾക്കവിതയിലെ എന്തെല്ലാം പ്രത്യേകതകളാണ് 'ശിഷ്യനും മകനും' എന്ന കൃതിയിൽ പ്രകടമാകുന്നത് ? വിലയിരുത്തുക.

3) 'മലബാർ എക്സ്പ്രസ് ' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

4) ഹാസ്യത്തിന്റെ ഉല്പത്തിയെക്കുറിച്ച് ഉപന്യസിക്കുക. **(2×7=14)**

II. **നൂറ്റമ്പത്** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) ''ജനസാഗരം വറ്റീ, തീരാത്ത ദാഹം തീർത്തു
വിലസീ ജീവൻ'' – വിവക്ഷിതമെന്ത് ?

6) ''കണികാണുവാൻ കാത്തിരിക്കുന്നിതവരുടെ
ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു'' – ആര് ? വിശദമാക്കുക.

7) ''പ്രേതപ്പറമ്പിൽക്കരിന്തിരി കത്തിച്ച –
മാതിരി നിന്നിതുഷസ്സുക്ര താരകം'' – സന്ദർഭം ഏത് ?

8) 'കൂട്ടിവച്ച ആ കലവറയിൽ നിന്ന് തിടുക്കമായ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുള്ള സാധനങ്ങൾ നമുക്ക് എടുക്കുവാൻ സാധിക്കും' – ഏതാണാ കലവറ ?

P.T.O.

9) 'അണ്ഡകടാഹങ്ങൾ തകർന്നേക്കാവുന്ന ഒച്ച ! ... ഒറിജിനൽ ! തനി ഒറിജിനൽ !' സംഭവമെന്ത് ?

10) 'ഇങ്ങനെയുള്ള ചില വൈരുദ്ധ്യങ്ങൾ തന്നെയാണ് ഗുരുവിന്റെ വ്യക്തിത്വത്തിലുമുണ്ടായിരുന്നത്' വൈരുദ്ധ്യമെന്ത് ? **(4×3=12)**

III. നൂറ് വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) 'ഓർക്കുന്നതിനേക്കാൾ അധികം മറക്കുന്നവരാണ് മനുഷ്യർ' – ആരാണിങ്ങനെ പറഞ്ഞത് ? കാരണമെന്താവും ?

12) ''ചില്ലുകൾ കരയുന്നെന്നുള്ളിനോടൊപ്പം, കരി –
കല്ലുകൾ ചിരിക്കുന്നിതസ്ഥികൂടത്തോടൊപ്പം'' – കവി വിവക്ഷിതമെന്ത് ?

13) ''കേളിയാടിനാൾ പണ്ടിഗ്ഗിരിയിൽ ചിരകാലം'' – എന്ത് ? വ്യക്തമാക്കുക.

14) 'പന്തിഭോജനം' എന്ന കഥ അവതരിപ്പിക്കുന്ന സാമൂഹിക പ്രശ്നമെന്ത് ?

15) 'കുറുന്തോട്ടിക്കും വാതം പിടിക്കുമ്പോൾ' എന്ന ലേഖനം അവതരിപ്പിക്കുന്ന വിഷയമെന്ത് ?

16) 'ഇതാണ് ജീവിക്കാനുള്ള ലളിതമായ മാർഗ്ഗം' കെ. പി. അപ്പൻ വ്യക്തമാക്കുന്നതെന്ത് ? **(4×2=8)**

IV. ഒരു വാക്കിലോ വാക്യത്തിലോ കവിയാതെ **ആറെണ്ണത്തിന്** ഉത്തരമെഴുതുക.

17) 'ആളില്ലാക്കസേരകൾ' ആരുടെ കവിതയാണ് ?

18) ലിറ്റിൽ ബോയി എന്നറിയപ്പെട്ടതെന്ത് ?

19) ''എനിക്കാവതില്ലേ പലവർണ്ണമാവാൻ'' – ആർക്ക് ?

20) രണ്ടാം ലോക മഹായുദ്ധകാലത്ത് ബ്രിട്ടനിലെ പ്രധാനമന്ത്രി ആരായിരുന്നു ?

21) ഹിമാലയത്തെ ഏത് പുഷ്പത്തോടാണ് വൈലോപ്പിള്ളി സാദൃശ്യപ്പെടുത്തുന്നത് ?

22) 'രാച്ചിയമ്മ' ആരുടെ കഥയാണ് ?

23) 'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം' – ആരോടാണിങ്ങനെ ചോദിച്ചത് ?

24) 'തിരസ്കാരം' എന്ന കൃതി എഴുതിയതാര് ? **(6×1=6)**

———————